കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി1/732/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട് കൽപ്പറ്റ – 673121
തീയതി.11-12-2018
ഫോൺ 04936-203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന)

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാര മുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. .ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. .റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി1/732/2017 തിയ്യതി:-11-12-2018

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1/04/2017മുതൽ 31/07/2018വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി. വസന്ത പി. എസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.08.2018 മുതൽ 08.08.2018 വരെയും<br>13.08.2018 മുതൽ 20.08.2018 വരെയും |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കിഷോർ. എ. ജി,ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അലി അക്ബർ.കെ.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സമീർ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.റ്റിജി വർഗ്ഗീസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ക്രമ നം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രസിഡണ്ട് | ശ്രീ.നാസർ. പി.എം. | 01.04.17മുതൽ 31.03.18 വരെ |
| 2 | വൈസ് പ്രസിഡണ്ട് | ശ്രീമതി.ജെസ്സി ജോണി | 01.04.17മുതൽ 31.03.18 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1. | സെക്രട്ടറി | ശ്രീ സി.കുട്ടൻ | 01.04.2017മുതൽ 31.05.17 വരെ |
| | | സുരേഷ് എം ബി | 1-6-17മുതൽ 8-7-17 വരെ |
| | | ബിജേഷ് എ എം | 9-7-17മുതൽ 31-3-18വരെ |
| 2. | കൃഷി ഓഫീസർ | ശ്രീ .ഈശ്വരപ്രസാദ് | 01.04.2017മുതൽ 28.08.2017 വരെ |
| | | ശ്രീമതി. രേഖ.ടി | 29.08.2017മുതൽ 31.03.2018 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ.ധന്യരാജൻ | 01.04.2017മുതൽ 31.03.2018 വരെ |
| 4 | വില്ലേജ് എക്സ്റ്റൻ ഷൻ ഓഫീസർ | ശ്രീ.സുനിൽകുമാർ | 01.04.2017മുതൽ 31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അശ്വതി രാജ് | 01.04.2017മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മെറീന ഫിലിപ്പ് | 01.04.2017മുതൽ 31.03.2018 വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശാന്താകുമാരി പി എസ് | 01.04.2017മുതൽ 31.03.2018 വരെ |
| 8 | അസി. എഞ്ചിനീയർ | ശ്രീ.തങ്കച്ചൻ | 01.04.2017മുതൽ 31.3.18 വരെ |
| 9 | ഹെഡ് മിസ്ട്രസ് | ശ്രീമതി.മേരി നല്ലൻകുഴിയിൽ. | 01.04.2017മുതൽ 31.03.2018 വരെ |
| 10 | ടി.ഇ.ഒ. | ശ്രീമതി.ഉമാദേവി | 01.04.2017മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|

## ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം – 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | | |
| 13 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി അവലോകനം | 2-1 | |
| 14 | യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നതിൽ കുറവ് | 2-2 | |
| 15 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് | 2-3 | |
| 16 | പെർമ്മിറ്റ് എടുക്കാതെ പണിത കെട്ടിടം ക്രമവൽക്കരിക്കാതെ നമ്പർ നൽകി. | 2-4 | |
| ഭാഗം 3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| 17 | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം - അവലോകനം | 3-1 | |
| 18 | പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)- അവലോകനം | 3-2 | |
| 19 | ഇ-ടെണ്ടർ ഫോറം വില വരവ് വന്നില്ല. | 3-3 | |
| 20 | ടെണ്ടർ ഫോറം ജി .എസ്. ടി തുക സർക്കാരിലേയ്ക്ക് അടവാക്കിയില്ല. | 3-4 | |
| 21 | ആയുർവ്വേദ ഡിസ്പെൻസറി മെയിന്റെനൻസ് | 3-5 | |
| 22 | തെരുവ് വിളക്ക് ലൈൻ വലിക്കൽ | 3-6 | |
| 23 | ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാര പരിധിയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ-പദ്ധതി രൂപീകരണം-കാര്യക്ഷമമല്ല. | 3-7 | |
| 24 | പട്ടികവർഗ്ഗക്കാരുടെ വീട്ടുകൾക്ക് അറ്റകുറ്റപ്പണി അപാകങ്ങൾ | 3-8 | |
| 25 | നെൽകൃഷി വികസനം - അർഹമായതിൽ കൂടുതൽ തുക നൽകുന്നു. | | |
| 26 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - 7500/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 3-10 | |
| 27 | പാലിന് സബ്സിഡി - അധികം നൽകിയ തുക തിരിച്ചടച്ചില്ല. | 3-11 | |
| 28 | ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാര പരിധിയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ-പദ്ധതി രൂപീകരണം-കാര്യക്ഷമമല്ല. | 3-12 | |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-8 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

15/03/2017 തിയ്യതിയിലെ 1(2) തീരുമാന പ്രകാരം അംഗീകരിച്ച. പുതുക്കിയ പരിഷ്കരിച്ച ബഡ്ജറ്റ്20/03/2018 തിയ്യതിയിലെ 1/2 തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. --

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 17.04.18 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-2018 | 11/06/2018 മുതൽ 12/06/2018 | കെ എസ് എ ഡബ്ല്യ വൈ ഡി പി4-512/18/20-6-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,17,39,261 |
| വരവ് | 8,00,28,344 |

| | |
|---|---|
| ആകെ | 9,17,67,605 |
| ചെലവ് | 5,20,92,949 |
| നീക്കിയിരിപ്പ് | 3,96,74,656 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7871000 | 7871000 | 6584567 | 1286433 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 637611 | 637611 | 202323 | 435288 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 7977758 | 7977758 | 6713143 | 1264615 |
| മെയിന്റനൻസ് (റോഡ്) | 0 | 6845000 | 6845000 | 3954665 | 2890335 |
| മെയിന്റനൻസ് (റോഡിതരം) | 0 | 2591000 | 2591000 | 2591000 | 0 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8398894 | 8398894 | 816500 | 7582394 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 21148444 | 21148444 | 13372190 | 7776254 |
| എസ്.ബി.റ്റി (സീറോ ബാലൻസ്) | 0 | 0 | 0 | 0 | 0 |
| ട്രഷറി ഓൺ ഫണ്ട് vpfa I,II | 0 | 0 | 0 | 0 | 0 |
| ടി.എസ്.ബി (ജനറൽ പർപ്പസ്) | 998141 | 4028000 | 5026141 | 4759149 | 266992 |
| സ്പെഷ്യൽ ടി.എസ്.ബി (ജോയിന്റ് വെൻചർ) | 446744 | 935000 | 1382679 | 1044908 | 337771 |
| ഓൺ ഫണ്ട് എസ്.ബി.ടി | 1512 | 7062 | 8574 | 6736 | 1838 |
| നെറ്റ് ബാങ്ക് എസ്.ബി.ടി | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് സഹകരണ ബാങ്ക് | 158936 | 3269877 | 3428813 | 3097935 | 330878 |
| എം.എൻ. ലക്ഷം വീട് | 0 | 0 | 0 | 0 | 0 |
| ഗിരിധാര | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ. | 0 | 0 | 0 | 0 | 0 |
| ലിറ്ററസി കെ.ജി.ബി. | 3458 | 68200 | 71658 | 68476 | 3182 |
| തൊഴിലുറപ്പ് പദ്ധതി | 139763 | 2281248 | 2421011 | 2418349 | 2662 |
| പൈക്ക എസ്.ബി.ടി | 0 | 0 | 0 | 0 | 0 |
| ബി.ആർ.ജി.എഫ് എസ്.ബി.ടി/ കേരള ഗ്രാമീൺ ബാങ്ക് മറ്റ് ഫണ്ടുകൾ | 9894498 | 34127213 | 44021711 | 5321443 | 38700268 |
| എൻ.എഫ്.എഫ്.ഡബ്ല്യു.പി/ കേരള ഗ്രാമീണ് ബാങ്ക് പെൻഷൻ | 3458 | 142 | 3600 | 0 | 3600 |
| ബി ഫണ്ട് | 0 | 17284040 | 17284040 | 17284040 | 0 |
| തനത് ഫണ്ട് | 0 | 0 | 0 | 0 | 0 |
| ക്യാഷ് (തനത് ഫണ്ട്) | 85198 | 0 | 0 | 0 | 18735 |
| മറ്റിനം | 11011 | 901 | 11912 | 0 | 11912 |
| ആകെ | 11739261 | 118246835 | 129900398 | 69100538 | 39674656 |

ബി ആർ ജി എഫ് അക്കൗണ്ടിൽ ടി എസ് സി, ലൈഫ് ഉടങ്ങിയ മറ്റു ഫണ്ടുകളും നിക്ഷേപിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 63384749 | 103 | 38205010 | | 48 | 68.21 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 139763. | 2281248 | 2421011 | 2418349 | 2662. |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20245000 | 20245000 | 20245000 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 319 | 3828700 |
| വിധവ പെൻഷൻ | 469 | 5368900 |
| വികലാംഗ പെൻഷൻ | 109 | 1231000 |
| തൊഴിലില്ലായ്മ വേതനം | 38 | 16440 |
| വാർദ്ധക്യ കാല പെൻഷൻ | 623 | 6733100 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2 | 30000 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2018 ന് ഉച്ചകഴിഞ്ഞ് 2.30 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 133/-രൂപ(നൂറ്റി മുപ്പത്തി മൂന്ന് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം(ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്, ചേർന്ന ഓഫീസ് മീറ്റിംഗ് മൂനട്സ് കാലികമായി സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതികൾ സംബന്ധിച്ച കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/06/2018 | 2017-18 | 16/06/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ജനവരി 2018 | 2012-13 to 2016-17 | 16/03/2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

13-)o പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ്(എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്

2017-18 വർഷത്തെ ബഡ്ജറ്റിലേക്കാവശ്യമായ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും നിർവ്വഹണ ഉദ്യാഗസ്ഥരിൽ നിന്നും അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ സ്വീകരിച്ച് ക്രോഡീകരിച്ച് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് ലഭ്യമാക്കുകയും 15/03/17 തിയ്യതിയിലെ 1(2)/17 നം തീരുമാനപ്രകാരം ബഡ്ജറ്റ് പാസാക്കുകയും ചെയ്തിട്ടുണ്ട്.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ആദ്യയോഗം 17/04/2017 തിയ്യതിയിലും പിന്നീട് 5/5/17, 20/05/17, 24/06/17, 10/7/17, 11/08/17, 19/09/17, 07/10/17, 07/11/17, 18/12/17, 09/01/18, 21/02/18, 09/03/18, 16/03/18എന്നീ തിയ്യതികളിലും കൂടിയിട്ടുണ്ട്. പഞ്ചായത്തിന്റെ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ മാസവും യോഗം കൂടുകയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 17/04/17 തിയ്യതിയിലെ 27/17 നം തീരുമാനപ്രകാരം പഞ്ചായത്തിന്റെ തനതുഫണ്ട് വളരെ കുറവായതിനാൽ ദൈനംദിന ചെലവുകൾ മുന്നോട്ടു കൊണ്ടുപോകാൻ അധിക ഫണ്ട് അനുവദിക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 16/03/2018 ലെ 15/18(1) തീരുമാനപ്രകാരം വിവിധ സ്ഥാപന മേധാവികളിൽനിന്നും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിന്നുമുള്ള റിപ്പോർട്ടുകൾ പരിഗണിച്ച് തയ്യാറാക്കിയ പുതുക്കിയ ബഡ്ജറ്റ് അംഗീകരിച്ചു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസം യോഗം കൂടുകയും ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവ് കണക്കുകൾ കൃത്യമായി മിനിട്ട്സ്ബുക്കിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റും പുതുക്കിയ ബഡ്ജറ്റും ധനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റി യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി പിരിവ് 100% എന്ന ലക്ഷ്യം കൈവരിക്കുന്നതിനും സ്റ്റാൻഡിംഗ് കമ്മിറ്റി അതീവ ശ്രദ്ധചെലുത്തിയിട്ടുണ്ട്.

പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് പൊതുഭരണം, ധനകാര്യം എന്നീ വിഷയങ്ങളിലെ വർക്കിങ്ങ് ഗ്രൂപ്പിന്റെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്കാണ്. ധനകാര്യ

സ്റ്റാൻഡിംഗ്കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള 'പൊതുഭരണവും ധനകാര്യവും' വർക്കിംഗ് ഗ്രൂപ്പ് 2017-18 ൽ 22/04/17, 31/12/17, 3/03/18, 5/3/18 എന്നീ തിയ്യതികളിൽ ആകെ 4 യോഗങ്ങൾ കൂടിയതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യോഗതീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. G.O(M.S)No.10/2017/LSGD.TVM dtd 09/01/2017 പ്രകാരം വർക്കിംഗ്ഗ്രൂപ്പ് യോഗം വിളിച്ച് ചേർക്കൽ, മിനിറ്റ്സ് രേഖപ്പെടുത്തൽ, മിനിറ്റ്സ് ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ കൺവീനറുടെ ചുമതലകളാണ്. മേൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ സെക്രട്ടറി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പ്രകാരം 18-19 സാമ്പത്തിക വർഷാരംഭം മുതൽ നാളിതുവരെ ഒരു യോഗംപോലും കൂടിയിട്ടില്ല.

പൊതുഭരണം മെച്ചപ്പെടുത്തുന്നതിനുതകുന്ന കൂടുതൽ പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനും വിഭവസമാഹരണത്തിൽ പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പദ്ധതികൾക്ക് അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുന്നതിനും വരുമാനചോർച്ച ഒഴിവാക്കുന്നതിനും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്

## **2-2** യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നതിൽ കുറവ്

വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ. പ. ര. ആക്ട് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പട്ടിക III പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്. യന്ത്രസാമഗ്രികളുടെ കുതിരശക്തിക്കനുസരിച്ചാണ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്ത് യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്ന സ്ഥലത്തിന് ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|
| മാനേജിംഗ് പാർട്ട്നർ, വയനാട് ഗ്രാനൈറ്റ്സ്<br>B2 680/17, 945 HP motor | 500 | 9,450/-(200 എച്ച് പി വരെ 2000/- രൂപ തുടർന്നുള്ള ഓരോ എച്ച് പി യ്ക്കും 10 രൂപ വീതം) | 8,950 |
| ഷാജഹാൻ, B2131/17, കോഫീ മിൽ,15 HP | ഇല്ല | 200 | 200 |
| അബ്ദുൾ മജീദ്, മാനേജിംഗ് പാർട്ട്നർ, കൺസ്ട്രക്ഷൻസ്,140 HP | ഇല്ല | 2,000 | 2,000 |
| മലബാർ എ എഫ് വുഡ് ഇൻഡസ്ട്രീസ് 2371/17, 38.5 HP | ഇല്ല | 400 | 400 |
| തങ്കച്ചൻ പി റ്റി 1028/17<br>58 HP Motor | ഇല്ല | 1,000 | 1,000 |

| | |
|---|---|
| ആകെ | 12,550 |

മേൽ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് 20.08.2018 ന് ഓഡിറ്റ് എൻക്വയറി (നം.10/17-18)നൽകിയതിനെ തുടർന്ന് 19-8-18 ന് 118010100485, 118010100486, 118010100487, 118010100489 എന്നീ രശീതികളിലായി മേൽ തുക അടവാക്കി വിവരം അറിയിച്ചിട്ടുണ്ട്.

## 2-3 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്.

2017-18 കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പെർമ്മിറ്റ് എടുക്കാതെ/അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് നിശ്ചയിക്കപ്പെട്ട ഫീസിനേക്കാൾ കുറഞ്ഞ ക്രമവൽക്കരണ ഫീസാണ് ഈടാക്കിയിട്ടുള്ളത്. കേരള പഞ്ചായത്തീരാജ് ആക്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11(3) പട്ടിക 2 പ്രകാരം കാറ്റഗറി II പഞ്ചായത്തുകളിൽ വാണിജ്യ കെട്ടിടങ്ങൾക്ക് പെർമ്മിറ്റ് ഫീസ് 5/- (per $M^2$)രൂപയും പാർപ്പിട കെട്ടിടങ്ങൾക്ക് 3/- (per $M^2$)രൂപയും ഈടാക്കേണ്ടതാണ്.ചട്ടം 137(4)പ്രകാരം രാജീയാക്കൽ ഫീസ് പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കേണ്ടതാണ്. റഗുലറൈസേഷൻ ഫീസ് ഈടാക്കുന്നതിൽ കുറവ് വന്ന കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | കെട്ടിടത്തിന്റെ തരം | അളവ് ($m^2$) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| മുഹമ്മദ് അഷറഫ് 5655/18 | വാണിജ്യം | 527.71 | 5277 (527.71x10) | 3167 | 2,110 |
| മുഹമ്മദ് അഷറഫ് 5654/18 | “ | 29.82 | 298 (29.82x10) | 179 | 119 |
| ആകെ | | | | | 2,229 |

മേൽ അപാകത ചൂണ്ടിക്കാണിച്ചു കൊണ്ട് 09/17-18,തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി(നം. 09/17-18)ക്ക് മറുപടിയായി പെർമ്മിറ്റ് രാജിയാക്കൽ ഫീസിനത്തിൽ കുറവുവന്ന 2229/- രൂപ 19-8-18 തിയ്യതിയിൽ (രശീതി നം.118010100483,118010100484) അടവാക്കി രശീതി ഹാജരാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പെർമിറ്റ് ഫീസ് ഇനത്തിൽ ലഭിക്കേണ്ടതുക വന്നതായി കാണുന്നില്ല. ആയതുകൂടി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 പെർമ്മിറ്റ് എടുക്കാതെ പണിത കെട്ടിടം ക്രമവൽക്കരിക്കാതെ നമ്പർ നൽകി.

14/01/16 തിയ്യതിയിലെ 3919/15 നം. ബിൽഡിംഗ് പെർമ്മിറ്റ് പ്രകാരം റി.സ നം.392/ 2/3,393/2/2, 393/2/1 സ്ഥലത്ത് ശ്രീ.മുഹമ്മദ് അഷ്റഫ് മുതൽപേർക്ക് സ്പെഷ്യൽ റസിഡൻസ് ആവശ്യത്തിലേക്കായി 5 പെർമ്മിറ്റ് അനുവദിച്ചിരുന്നു (145.42, 36.79*4). എന്നാൽ നമ്പറിംഗ് സംബന്ധിച്ച് ബി3 992/17 നമ്പർ ഫയൽ പ്രകാരം മേൽ പെർമിറ്റ് അനുസരിച്ച് $36.79m^2$

വിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്ന ഒരു കെട്ടിടത്തിന് (കെട്ടിട നമ്പർ-111F) 66.79m$^2$ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി ഫയലിൽ അധികമായി രേഖപ്പെടുത്തി 30m$^2$ കെട്ടിടത്തോടനുബന്ധമായി നിർമ്മിച്ച നീന്തൽക്കുളത്തിന്റെതാണ്. ആയതിന് കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുകയോ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല.

മേൽ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 17/17-18,തീയ്യതി 20.08.2018)ക്ക് മറുപടിയായി 111F കെട്ടിടത്തിന്റെ 66.79m$^2$ വിസ്തീർണ്ണത്തിൽ അനധികൃതമായി നിർമ്മിച്ച 30m$^2$ നീന്തൽക്കുളത്തിന്റെ ക്രമവൽക്കരണ ഫീസായ 300/- രൂപ 117010102069 നം.രശീതിയായി ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ മേൽ കെട്ടിടത്തിന്റെ പെർമ്മിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമ്മിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണ്. ചട്ടം 137(4) പ്രകാരം പെർമ്മിറ്റ് എടുക്കാതെയുള്ളവ അല്ലെങ്കിൽ അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമ്മിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണ്. ഈ വിഷയത്തിന്മേൽ 11/11/2015 ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 229813/ആർ ഡി2/15 നം. കത്തിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ നൽകിയ സ്പഷ്ടീകരണത്തിൽ ഒരിക്കൽ പെർമ്മിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമ്മിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമ്മിറ്റ് ഫീസും ഈടാക്കണമെന്നമാണ് നിർദ്ദേശിച്ചിട്ടുള്ളത്. പെർമ്മിറ്റ് ഫീസിനത്തിൽ കുറവുവന്ന തുക ഈടാക്കോണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം - അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(ii)പ്രകാരം വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, സ്പെഷൽ പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിടവ്യവസായം, പൊതുമരാമത്ത്, പാർപ്പിടസൌകര്യം, കെട്ടിടനിർമാണങ്ങളുടെ നിയ ന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1),13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായി കാര്യക്ഷമതയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. നടപ്പിലാക്കേണ്ട പ്രോജക്ടുകളെ കുറിച്ചും അടങ്കൽ തുക സംബന്ധിച്ചും വികസന മേഖലയുമായി ബന്ധപ്പെട്ട മറ്റ് പൊതുവായ കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് എന്താണെന്ന് ചർച്ച ചെയ്തതായി കാണുന്നില്ല. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യകത ചർച്ച ചെയ്തതായും കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വ്യക്തമായ തീരുമാനം ആവശ്യമായിരുന്ന പല മേഖലകളിലും ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

2) തൻവർഷം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പല റോഡുകളും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ റോഡുകൾ കോൺക്രീറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി കൊണ്ട് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതായോ സ്റ്റാന്റിംഗ് കമ്മിറ്റി ആയത് പരിശോധിച്ച് കോൺക്രീറ്റ് പ്രവൃത്തികൾക്ക് അനുമതി നൽകിയതായോ കാണുന്നില്ല.

3) റോഡ് സംരക്ഷണ ഗ്രാന്റ് വകമാറ്റി പുതിയ റോഡ് ടാറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട് (തൻവർഷം 22 റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് വകമാറ്റി ചെലവ് ചെയ്തിട്ടുണ്ട്). ആയത് സംബന്ധിച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി കാണുന്നില്ല.

4) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലയിൽ പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയോ കൈകൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സെക്രട്ടറി, വർക്കിംഗ് ഗ്രൂപ്പുകൾ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് നിർദ്ദേശം നൽകുകയോ, ഫോളോ അപ്പ് ചെയ്യുകയോ ചെയ്യുന്നില്ല.

5) സ്റ്റാറ്റസ് റിപ്പോർട്ടുകൾ, കമ്മിറ്റി പ്രവർത്തന റിപ്പോർട്ടുകൾ, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എനിവ ചർച്ച ചെയ്തിട്ടില്ല.

.മേൽ അപാകതകൾക്ക് വിശദീകരണവും രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/20.08.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)- അവലോകനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1) പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ ആകെ 14 മെമ്പർമാണ് ഉള്ളത്. 4 പ്രാവശ്യം കൂടിയിട്ടുണ്ട്. 02/05/17 ലെ യോഗത്തിൽ 5 പേരും, 30/12/17 ലെ യോഗത്തിൽ 2 പേരും, 03/03/18 ലെ യോഗത്തിൽ 6 പേരും, 05/03/18 ലെ യോഗത്തിൽ 6 പേരും, പങ്കെടുത്തിട്ടുള്ളത്. കൺവീനറായ, അസി. എഞ്ചിനീയർ 05/03/18 ലെ യോഗത്തിൽ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. 30/12/17 ലെ യോഗത്തിൽ കൂട്ടി ചേർക്കേണ്ട 7 പദ്ധതികൾ എഴുതി ചേർത്തിട്ടുണ്ട്. യോഗങ്ങളിൽ; അജണ്ടയോ, ചർച്ചകളോ നടത്തിയിട്ടില്ല.

2) ഓഡിറ്റിന് ലഭ്യമാക്കിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ 22/04/2017-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ച എന്ന് സർട്ടിഫിക്കറ്റ് ഉണ്ട്. എന്നാൽ, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പരിശോധിച്ചതിൽ

22/04/2017- ന് യോഗം ചേർന്നിട്ടില്ല.

3) ഗ്രാമ സഭകളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4)വർക്കിംഗ് ഗ്രൂപ്പിൽ CDS , SCമെമ്പർമാർ ഇല്ല.

5)ഫീൽഡ് വിസിറ്റ് നടത്തുകയോ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയോ ചെയ്തിട്ടില്ല.

6) മിനിട്ട്സ് ബുക്ക് ക്ളോസ് ചെയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും രേഖകളും ലഭ്യമാക്കാൻ താൽപ്പര്യപ്പെടുന്നു. അടവാക്കിയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 07/17.08.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 ഇ-ടെണ്ടർ ഫോറം വില വരവ് വന്നിട്ടില്ല

പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് 7 പ്രവർത്തികൾക്ക് 2017-18 കാലയളവിൽ അസി.എഞ്ചിനീയർ ഇ-ടെണ്ടർ വിളിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫോറത്തിന്റെ വിലയായ 33710/- രൂപയും ജി.എസ്.റ്റി ഇനത്തിൽ 2112/- രൂപയും വാറ്റ് ഇനത്തിൽ 900/- രൂപയും പഞ്ചായത്തിൽ അസി.എഞ്ചിനീയർ അടവാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/20.08.18) മറുപടി ലഭ്യമാക്കിയിട്ടില്ല. എത്രയും വേഗം, ഇ-ടെണ്ടർ വരവുകൾ ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

## 3-4 ടെണ്ടർ ഫോറം ജി.എസ്.റ്റി തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് 165 ടെണ്ടർ ഫോറം 2017-18 കാലയളവിൽ അസി.എഞ്ചിനീയർ ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ ഫോറത്തിന്റെ ജി.എസ്.റ്റി വരവ് ഇനത്തിൽ 10770/-/- രൂപ പഞ്ചായത്തിൽ അസി.എഞ്ചിനീയർ അടവാക്കിയിട്ടുണ്ട്. മേൽ തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിശദ വിവരങ്ങളും പഞ്ചായത്തിന്റെ ജി.എസ്.റ്റി രജിസ്ട്രേഷനും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 6/17.08.18) മറുപടി ലഭ്യമാക്കിയിട്ടില്ല.എത്രയും വേഗം ജി.എസ്.റ്റി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി, ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ജി.എസ്.റ്റി ഇനത്തിൽ വരവ് വന്നിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

## 3-5 ആയുർവ്വേദ ഡിസ്പെൻസറി മെയിന്റനൻസ് -ലക്ഷ്യം കൈവരിച്ചില്ല

അപാകതകൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പാക്കിയ വെങ്ങപ്പള്ളി ആയുർവ്വേദ ഡിസ്പെൻസറി മെയിന്റനൻസ് പ്രവൃത്തികളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1)

പ്രോജക്ട് നം.S-0113/18(s-0115/17)

അടങ്കൽ- 300000/-(MGNR)

ചെലവ്-229638/-രൂപ

ബിൽ നം. 4/16-17/22.02.17 (158186/-) & 50/17-18/24.03.18 (71452/-)

കരാറുകാരൻ- പി.എ. മുഹമ്മദ്

ടി .എസ്- 300000/-(No. 2017/4469)

എഗ്രീമെന്റ് നം.AE/LSGD/VGP/27/16-17 തീയ്യതി 10.11.16

എം.ബുക്ക് നം.54/17-18 , 38/16-17 , 32/16-17

2) പ്രോജക്ട് നം.S-0079/18

അടങ്കൽ- 48000/രൂപ(MGNR)

ചെലവ്-48000/-രൂപ

ബിൽ നം. 38/17-18/15.03.18

കരാറുകാരൻ- പി.എ. മുഹമ്മദ്

ടി.എസ് - 48000/-(No. 2017/10832)

എഗ്രീമെന്റ് നം. AE/LSGD/VGP/30/16-17 തീയ്യതി 08.02.17

എം.ബുക്ക് നം.48/17-18

വെങ്ങപ്പള്ളി ആയുർവ്വേദ ഡിസ്പെൻസറി മെയിന്റനൻസിനു വേണ്ടി രണ്ട് പ്രോജക്ടുകളാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രോജക്ട് നം.S-0113/18 പ്രകാരം കൺസൾട്ടേഷൻ റൂം നിർമ്മാണം അടക്കം ആയുർവ്വേദ ഡിസ്പെൻസറി നവീകരണത്തിന് വേണ്ടി പി.എ. മുഹമ്മദ് എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ പ്രവർത്തി ഏറ്റെടുക്കുകയും229638/- രൂപ ഫൈനൽ ബിൽ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. പ്രവർത്തി നല്ല രീതിയിൽ പൂർത്തിയാക്കിയെന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും നല്കിയിട്ടുണ്ട്. എന്നാൽ, പ്രവർത്തി പൂർത്തീകരിച്ച കെട്ടിടത്തിൽ ശക്തമായ ചോർച്ച ഉണ്ടെന്ന കാരണത്താൽ പ്രോജക്ട് നം.S-0079/18 പ്രകാരം 48000/- രൂപ കെട്ടിടത്തിന്റെ ചോർച്ച മാറ്റാൻ വകയിരുത്തിയിട്ടുണ്ട്. വർക്കിന്റെ ടെണ്ടറിൽ പി.എ. മുഹമ്മദ് എന്ന കരാറുകാരൻ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. സിംഗിൾ ടെണ്ടർ അംഗീകരിച്ച പി.എ. മുഹമ്മദിന് തന്നെയാണ് പ്രവൃത്തി നൽകിയിരിക്കുന്നത്. 2016-17-ൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടം 2018-ൽ തന്നെ ചോർച്ച വന്നിട്ടും പ്രസ്തുത കരാറുകാരനെകൊണ്ട് ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കാതെ കെട്ടിടത്തിന്റെ ചോർച്ച മാറ്റാൻ പുതിയ പ്രോജക്ട് തയ്യാറാക്കി അദ്ദേഹത്തിനു തന്നെ നൽകുകയാണ് ചെയ്തിരിക്കുന്നത്.

പ്രോജക്ട് നം.S-0079/18- ൽ എം-ബുക്ക് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ചോർച്ച തടയാനാണ് കോൺക്രീറ്റിന് മുകളിൽ ഗാൽവനൈസ്ഡ് അയേൺ ഷീറ്റ് ഇട്ടിരിക്കുന്നത്. എന്നാൽ, വെങ്ങപ്പള്ളി ആയുർവ്വേദ ഡിസ്പെൻസറിയിൽ 17/08/2018 ന പ്രാദേശിക പരിശോധനയിൽ അതിനു ശേഷവും സ്റ്റോർ മുറി ഒഴികെയുള്ള മുറികൾ( കൺസൾട്ടേഷൻ മുറി, രോഗികളുടെ കാത്തിരിപ്പ് മുറി ഉൾപ്പെടെ) ശക്തമായ ചോർച്ചയുണ്ടെന്ന് കാണുകയുണ്ടായി. ചുമരുകൾ ഉൾപ്പെടെ നനഞ്ഞു കുതിർന്നിട്ടുണ്ട്. ഗാൽവനൈസ്ഡ് അയേൺ ഷീറ്റുകളിൽ ദ്വാരങ്ങൾ ഉണ്ട്.ഇതിനാൽ പദ്ധതി ഫലപ്രാപ്തി കൈവരിക്കാൻ കഴിയിഞ്ഞിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രോജക്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളിലെ അപാര്യാപ്തതയാണ് മേൽ അപാകതകൾ ചൂണ്ടി

കാണിക്കുന്നത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ വെങ്ങപ്പള്ളി ആയുർവ്വേദ ഡിസ്പെൻസറി മെയിന്റനൻസ് എന്ന പ്രോജക്ടിന് അംഗീകാരം നൽകിയതായി കാണുന്നില്ല. പ്രസ്തുത പ്രവർത്തിയുടെ മോണിറ്ററിംഗും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പ്രകാരം നടത്തിയതായി കാണുന്നില്ല.

വളരെയധികം രോഗികൾ വരുന്ന ആശ്രയിക്കുന്ന ആശുപത്രി ആയിട്ട് പോലും ഇതു വരെ ചോർച്ച പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നത് നിരുത്തരവാദപരമാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/20.08.18) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടുകൾക്ക് തൻ വർഷം ചെലവഴിച്ച തുക 119452/-രൂപ (71452+48000)ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും,ആശുപത്രിയിലെ ശോചനീയവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപരികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 3-6 തെരുവ് വിളക്ക് ലൈൻവലിക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം-164/18

പ്രോജക്ടിന്റെ പേര്-നെല്ലിക്കുന്ന് പ്രദേശങ്ങളിൽ തെരുവ് വിളക്ക് ലൈൻവലിക്കൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

അടങ്കൽ- 70,000/-രൂപ

ചെലവ്-70,000/-രൂപ

ബിൽ നം.-22/17-18, 26/03/18.

നെല്ലിക്കുന്ന് പ്രദേശങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കുന്നതിനായി കെ എസ് ഇ ബി യിൽ 70,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അസി എൻജിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ കല്പറ്റയുടെ 22/3/18 ലെ DB17/ESKPT/Streetmain/2017/18/76 കത്ത് പ്രകാരം മേൽ പ്രവൃത്തിക്ക് 1,30,150/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 70,000/- രൂപ മാത്രമാണ് കെ എസ് ഇ ബി ക്ക് നൽകിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8/17-18, തീയ്യതി 18.08.2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രവൃത്തിയുടെ പൂർത്തികരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.ചെലവ് തുക 70,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-7 ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ-പദ്ധതി രൂപീകരണം-കാര്യക്ഷമമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iii)പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിപട്ടികജാതി-പട്ടികവർഗ വികസനം ,സ്ത്രീകളുടെയും കുട്ടികളുടെയും വികസനം,സാമൂഹ്യക്ഷേമം,സാമൂഹ്യസുരക്ഷാ പ്രവർത്തനം,ചേരി പരിഷ്കരണം,ദാരിദ്ര്യ നിർമാർജ്ജനം,പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യനീതി, വനിത വികസനം,പട്ടികജാതി/പട്ടികവർഗ വികസനം എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

2017-18വാർഷികപദ്ധതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും രൂപീകരണയോഗം 17.1.17 ന് ചേർന്നിട്ടുണ്ടെങ്കിലും സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച് ഫോറം നം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവായി പുറപ്പെടുവിച്ചതായി കാണുന്നില്ല.അതുകൊണ്ട് 2017-2022 പഞ്ചവത്സര പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചത് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചല്ല എന്ന് വ്യക്തമാണ്.

2017-18വാർഷിക പദ്ധതി വികസനസെമിനാർ 4.5.17ന് ചേർന്നിട്ടുണ്ടെങ്കിലും മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല.

ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള സാമൂഹ്യനീതി, ദാരിദ്ര്യലഘൂകരണം, വനിതാവികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ പൂർണ്ണമല്ല.പല ഭാഗങ്ങളും പൂരിപ്പിച്ചിട്ടില്ല. മുൻവർഷങ്ങളിലെ പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിശകലനം ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിന് മാർഗ്ഗനിർദ്ദേശം നൽകാവുന്ന രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ പോലും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായ ത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് പദ്ധതിരേഖപ്രകാരം വ്യക്തമാണ്. ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള സാമൂഹ്യനീതി , ദാരിദ്ര്യലഘൂകരണം, വനിതാവികസനം പട്ടികജാതി ,പട്ടികവർഗ്ഗം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം നാലോ,അഞ്ചോ തവണ മാത്രമാണ് യോഗം ചേർന്നത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നടപ്പുപദ്ധതിപ്രവർത്തന ങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. യോഗം ചേർന്നതിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല.യോഗങ്ങളിൽ ഒപ്പുമാത്രം രേഖപ്പെടുത്തി പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

ഉദാഹരണം-

1.സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ്

യോഗതീയതി -30.12.17, 3.3.18, 5.3.18 എന്നിവ മാത്രമാണ് തീയതി രേഖപ്പെടുത്തിയിരിക്കുന്നത്. -ഹാജർ മാത്രം-യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല.മറ്റ്

യോഗങ്ങളിലും പേരിന് കുറച്ച് പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണുള്ളത്.

മാത്രമാണുള്ളത്. മിനുട്സ് ബുക്കിന്റെ പേജ് 1 മുതൽ 4 വരെ ഒഴിച്ചിട്ടിരിക്കുന്നു. പേജ് 5 മുതലാണ് മിനുട്സ് എഴുതിയിരിക്കുന്നത്. അംഗങ്ങളല്ലാത്തവരും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പങ്കെടുത്തതായി കാണാം. പേജ് നം 5ൽ 20 പേർ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിൽ ആകെ 17 പേരാണ് അംഗങ്ങളായുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗമിനുട്സ് ബുക്കിലെ പേജ് 6ന് ശേഷം പേജ് 7ൽ വെള്ള പേപ്പറിൽ തീയതി രേഖപ്പെടുത്താതെ അംഗങ്ങൾ ഒപ്പ് വെച്ച് പതിച്ച് വെച്ചിരിക്കുന്നു.

2.പട്ടികജാതി വികസനം/പട്ടികവർഗ്ഗവികസനം

യോഗതീയതി -2.5.17,30.12.17,3.3.18, 5.3.18 -ഹാജർ മാത്രം-യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല.മറ്റ് യോഗങ്ങളിലും പേരിന് കുറച്ച് പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണുള്ളത്. 18 അംഗങ്ങളാണ് വർക്കിംഗ് ഗ്രൂപ്പിലുള്ളത്. 18ാമത്തെ അംഗമായി ചേർത്തിരിക്കുന്നത് എസ്.സി/എസ്.റ്റി പ്രമോട്ടർമാർ എന്നാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങളിൽ ബഹുഭൂരിപക്ഷവും എസ്.റ്റി പ്രമോട്ടർമാരാണ്. മറ്റ് അംഗങ്ങളിൽ ബഹുഭൂരിപക്ഷവും യോഗങ്ങളിൽ പങ്കെടുക്കുന്നില്ല.

3.വനിതാവികസനം

ഗ്രാമ പഞ്ചായത്തിലെ ഐ.സി.ഡി.എസ് കൺവീനറായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറായും തീരുമാനിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളായി തീരുമാനിച്ചിരിക്കുന്നത് വിവിധ അങ്കൺവാടി വർക്കർമാരെയാണ്. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.

യോഗതീയതി -,30.12.17, 3.3.18, 5.3.18 -ഹാജർ മാത്രം-യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല.മറ്റ് യോഗങ്ങളിലും പേരിന് കുറച്ച് പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗമിനുട്സ് ബുക്കിലെ പേജ് 2ന് ശേഷം പേജ് 3ൽ വെള്ള പേപ്പറിൽ തീയതി രേഖപ്പെടുത്താതെ അംഗങ്ങൾ ഒപ്പ് വെച്ച് പതിച്ച് വെച്ചിരിക്കുന്നു. ഇത് മിനുടസ് ബുക്കിൽ അനുവദനീയമല്ലാത്ത കാര്യമാണ്.

പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകളൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തുവയല്ല.വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്റ്റുകളാണ് തൻവർഷം നടപ്പാക്കിയത്. വിശദമായ ചർച്ചകളോ കാര്യമായ നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുണ്ടാവുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-8** <u>പട്ടികവർഗ്ഗക്കാരുടെ വീടുകൾക്ക് അറ്റകുറ്റപ്പണി- അധികം തുക നൽകി.</u>

വയനാട് ജില്ലാ കളക്ടറുടെ 15/7/2016 തീയതിയിലെ ബി-3658/16 (ഐ.റ്റി.ഡി.പി) നമ്പർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ ചോർച്ച തടയുന്നതിന് അറ്റകുറ്റപ്പണി നടത്തുന്നതിനായി 416,000/- രൂപ അനുവദിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പാണ് പ്രസ്തുത പദ്ധതിക്കായി തുക നൽകിയത്. വയനാട് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസറുടെ 20/07/2016 തീയതിയിലെ ബി-3658/16 നമ്പർ നടപടിക്രമം മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തുക ലഭ്യമായി. ഈ ഉത്തരവ് പ്രകാരം പരമാവധി 600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 32,000/- രൂപ അനുവദിക്കാൻ പാടുള്ളൂ. ആയതിനുള്ള മാതൃകാ എസ്റ്റിമേറ്റും അതോടൊപ്പം നൽകിയിട്ടുണ്ട്. 600 സ്ക്വയർ ഫീറ്റിൽ കുറവുള്ള കെട്ടിടങ്ങൾക്ക് അതാതിന്റെ എസ്റ്റിമേറ്റിന്റെയും വാല്യേഷന്റെയും അടിസ്ഥാനത്തിലുള്ള കുറഞ്ഞ തുക മാത്രമേ ചെലവഴിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ചത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെയാണ്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ചെക്കുകളുടെ വിവരങ്ങൾ താഴെനൽകുന്നു.

ചെക്ക് നം 10804 തീയതി 19.4.17 തുക 1,92,000/-രൂപ

ചെക്ക് നം 10805 തീയതി 31.5.17 തുക 1,28,000 /-രൂപ

ചെക്ക് നം ലഭ്യമല്ല. തീയതി 15.6.17 തുക 32,000/-രൂപ

ചെക്ക് നം 10819 തീയതി 19.9.17 തുക 64,000/-രൂപ

ആകെ 4,16,000/-രൂപ

13 ഗുണഭോക്താക്കൾക്കാണ് തുക വിതരണം നടത്തിയത്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശമുണ്ടെങ്കിലും ഒരു ഗുണഭോക്താവിന്റെയും വീടിന്റെ അറ്റകുറ്റപ്പണിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എല്ലാ വീടുകൾക്കും അറ്റകുറ്റപ്പണിക്ക് നൽകാവുന്ന പരമാവധി തുക അനുവദിച്ചു.

2. തയ്യാറാക്കിയ വാല്യേഷൻ സർട്ടിഫിക്കറ്റ് നിയതമായ രീതിയിലുള്ളത്. അനുവദിച്ച തുകയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിച്ചു എന്ന സാക്ഷ്യപത്രം മാത്രമാണ് നൽകിയിട്ടുള്ളത്.

3. നിർവ്വഹണ ഉദ്യോഗസ്ഥൻ ഫീൽഡ് പരിശോധന നടത്തി അറ്റകുറ്റപ്പണി അനിവാര്യമാണ് എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4.അറ്റകുറ്റപ്പണി നടത്തിയ എല്ലാ വീടുകളും 600 ച അടിയിൽ കുറവുള്ളവയാണ്. (ഐ.ററി .ഡി.പി പ്രോജക്ക്ട് ഓഫീസറുടെ നടപടിക്രമത്തിൽ പരാമർശിച്ച പ്രകാരം)വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അറ്റകുറ്റപ്പണി നടത്തിയ വീടിന്റെ വിസ്തീർണ്ണം. ച.അടിയിൽ | അറ്റകുറ്റപ്പണി നടത്തിയ വീടിന്റെ വിസ്തീർണ്ണത്തിന് നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | മിനി. w/o കുട്ടപ്പൻ മാരൻകുന്ന് കോളനി | 269 | 14,347 | 32,000 | 17,653 |
| 2 | പി.ബാലൻ, മാതലോട് കോളനി | 358 | 19,093 | 32,000 | 12,907 |
| 3 | വെളിക്കൻ, മാതലോട്ട് കോളനി | 322 | 17172 | 32000 | 14828 |
| 4 | കറപ്പൻ, ചൂര്യാറ്റ ലാന്റ് ലെസ് കോളനി | 269 | 14347 | 32000 | 17653 |
| 5 | കുഞ്ഞിരാമൻ, ചോലക്കുന്ന് കോളനി | 280 | 14932 | 32000 | 17068 |
| 6 | മഞ്ജുള, മഞ്ഞിലേരി കോളനി | 280 | 14932 | 32000 | 17068 |
| 7 | ചെറിയമാണി, നാരങ്ങക്കണ്ടികോളനി | 363 | 19359 | 32000 | 12641 |
| 8 | ചാല, വാഴറ്റ കോളനി | 257 | 13706 | 32000 | 18294 |
| 9 | ചട്ടി, നായാടി പൊയിൽ കോളനി | 335 | 17866 | 32000 | 14134 |
| 10 | മാരൻ, അംബേദ്കർ കോളനി | 274 | 14612 | 32000 | 17388 |
| 11 | ചിപ്പി,കോടഞ്ചേരിക്കുന്ന് കോളനി | 334 | 17812 | 32000 | 14188 |
| 12 | രാധ, കള്ളംതോട് കോളനി | 505 | 26932 | 32000 | 5068 |
| 13 | വേരൻ, കുഴിക്കാട്ടുമ്മൽ കോളനി | 307 | 16372 | 32000 | 15628 |
| | ആകെ | | 221482 | 416000 | 194518 |

194,518/- രൂപ അധികമായി നൽകിയിട്ടുണ്ട്.

5.പദ്ധതി നിർവ്വഹണം സംബന്ധിച്ച് സെക്രട്ടറിയോ സ്ഥിരം സമിതികളോ ആവശ്യമായ പരിശോധന നടത്തിയിട്ടില്ല. പദ്ധതി മോണിറ്റിംഗ് നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറി നം11/20.8.2018 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 194,518/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 നെൽകൃഷി വികസനം - അർഹമായതിൽ കൂടുതൽ തുക നൽകി.

പ്രോജക്ട് നമ്പർ - S001/18

പ്രോജക്ടിന്റെ പേര് - നെൽകൃഷി വികസനം

അടങ്കൽ - വികസന ഫണ്ട് - 5,95,000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,97,500/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 2,97,500/-രൂപ

ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) -11,90,000/-രൂപ

ആകെ 23,80,000/-രൂപ

വൗച്ചർ നം. 1/17-18 തീയതി 8.1.18 തുക – 4,86,149/-രൂപ

വൗച്ചർ നം. 2/17-18 തീയതി 30.1.18 തുക – 34,170/-രൂപ

വൗച്ചർ നം. 6/17-18 തീയതി 14.3.18 തുക – 11,900/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെക്ക് നം 1017786 തീയതി 12.3.18 . 2,60,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം ചെക്ക് നം 1017784 തീയതി 3.3.18 - 2,60,000/-രൂപ

ആകെ 10,52,219/-രൂപ

ഗ്രാമപഞ്ചായത്ത് പരിധിയിലെ നെൽകർഷകർക്ക് കൂലിച്ചെലവായി ഹെക്ടറിന് 17,000/- രൂപ നിരക്കിൽ നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ രേഖകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. കൃഷി ചെയ്ത സ്ഥലം കൃഷി ഓഫീസർ പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
2. വിള ഇൻഷ്വറൻസ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ഭൂമി സംബന്ധിച്ച് വിശദമായ പരിശോധന നടത്താതെയാണ് പദ്ധതി തുക ചെലവഴിച്ചത്. മുഴുവൻ ഗുണഭോക്താക്കളുടെയും ഭൂമിയുടെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയിട്ടില്ല.ഹാജരാക്കിയ രേഖകളിൽ ഒന്ന് പരിശോധിച്ചതിൽ ഗുണഭോക്താവിന് അധികം തുക നൽകിയതായി കാണുന്നു.

ഗുണഭോക്താവിന്റെ പേര് - കുംഭ

ഭൂമിയുടെ റി.സ. നം - 456/1

ഭൂമിയുടെ അളവ് - 1.2145 ഹെക്ടർ

ആനുകൂല്യം അനുവദിക്കാവുന്നത് - 17000x1.2145 = 20,646/രൂപ

തുക നൽകിയത് വൗ.നം 1/17-18 തിയ്യതി 8-1-18 പ്രകാരം - 10,200/രൂപ

ചെക്ക് നം 1017786 തിയ്യതി 12-3-18 പ്രകാരം - 7328/രൂപ

ചെക്ക് നം 1017784 തിയ്യതി 3-3-18പ്രകാരം - 7328/രൂപ

ആകെ നൽകിയത് 24,856/രൂപ

അധികം നൽകിയത് 4,210/രൂപ(20646-24856).

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. മുഴുവൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ പരിശോധിച്ച് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി മോണിറ്ററിംഗ് ഗ്രൂപ്പ് (കൃഷി) പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയോ നിർദ്ദേശം നൽകുകയോ ചെയ്യുന്നില്ല.

## 3-10 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - 7500 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - S 149/18

പ്രോജക്ടിന്റെ പേര് - മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - വികസന ഫണ്ട് - 2,50,000/-രൂപ

വൗ.നം C3/2017-18 തീയതി വ്യക്തമല്ല - 2,50,000/രൂപ

വെറ്ററിനറി ഡിസ്‌പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രോജക്ട് തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മരുന്നുകൾ ടെണ്ടർ മുഖേനയാണ് വാങ്ങിയത്. താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ഓർഡർ നൽകിയിട്ടുണ്ട്.

നെക്ടർ ലാബ് അസോസിയേറ്റ്സ് – ₹86,523/-

അലൈഡ് ഏജൻസീസ് ₹ 29,687/-

ഡൈന വെറ്റ് ₹ 1,33,790/-

തുക ഡയറക്ട് ട്രാൻസ്ഫർ വഴി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് നൽകുകയും ചെയ്തു. ഹാജരാക്കിയ ഇൻഡന്റുകൾ പരിശോധിച്ചതിൽ 7,500/- രൂപയുടെ മരുന്നുകൾ അലൈഡ് ഏജൻസീസ് ഓഡിറ്റ് തീയതി വരെ വിതരണം ചെയ്യുകയോ വെറ്ററിനറി സർജ്ജൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. തുക നേരത്തെ നൽകിയിട്ടും മരുന്നുകൾ ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 തീയതി 20/8/18 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്താത്തത് കൊണ്ടാണ് ഇത്തരം വീഴ്ചകൾ ഉണ്ടാവുന്നത്. ഇതിൽ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ട നിർദ്ദേശം നൽകുകയോ ആവശ്യമായ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പാലിന് സബ്സിഡി - അധികം നൽകിയ തുക തിരിച്ചടച്ചില്ല.

പ്രോജക്ടിന്റെ പേര് - പാലിന് സബ്സിഡി

പ്രോജക്ടിന്റെ നമ്പർ - S 0049/18

അടങ്കൽ - വികസന ഫണ്ട് – 400,000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 300,000/രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 200,000/രൂപ

ആകെ - 900,000/രൂപ

തുക ചെലവഴിച്ചത് വൗ.നം C2/2017-18തീയതി 9.2.18 തുക 400,000/രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെക്ക് നം.1017782 തീയതി 31.1.18 തുക 296,780/രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം ചെക്ക് നം. 1017783 തീയതി 21.2.18 തുക 114915/രൂപ

ആകെ 811,695/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3/- രൂപ തോതിൽ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെപ്പറയുന്നു.

1. കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് തുക നൽകുന്നതിന് പകരം തെക്കുംതറ ക്ഷീര സഹകരണ സംഘം സെക്രട്ടറിക്കാണ് 811,695/- രൂപ നൽകിയത്. ക്ഷീര സഹകരണ സംഘം സെക്രട്ടറി നൽകിയ വിതരണ സ്റ്റേറ്റ്മെന്റാണ് ഓഡിറ്റിന് ഹാജരാക്കിയത്. തുക കർഷകർക്ക് ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല

2. ക്ഷിര സഹകരണ സംഘം സെക്രട്ടറിക്ക് 8,11,695/- രൂപ നൽകിയിട്ടുണ്ടെങ്കിലും വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 8,09,573/- രൂപ മാത്രമാണ് വിതരണം ചെയ്തത്. 2,122/- രൂപ വിതരണം നടത്താതെ ക്ഷീര സഹകരണ സംഘം സെക്രട്ടറിയുടെ കൈവശം ഉണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12 തീയതി 20.8.18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക നൽകിയതിനും,കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക നൽകാത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. പദ്ധതി മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് (മൃഗസംരംക്ഷണം) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല. മോണിറ്ററിംഗ് കൃത്യമായി നടത്തിയിരുന്നെങ്കിൽ വീഴ്ചകൾ യഥാസമയം പരിഹരിക്കാമായിരുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി നടത്തിപ്പിൽ ഇടപെടുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. മേൽ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-12 ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാര പരിധിയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ–പദ്ധതി രൂപീകരണം-കാര്യക്ഷമമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iv)പ്രകാരം ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ്കമ്മിറ്റി പൊതുജനാരോഗ്യ, ശുചീകരണ, ശുദ്ധജല വിതരണം(കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യഭ്യാസം, കലയും സംസ്കാരവും വിനോദവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-)ം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്

2017-18വാർഷികപദ്ധതിയുടെയും വർക്കിംഗ് ഗ്രൂപ്പ് രൂപീകരണയോഗം 17.1.17 ന് ചേർന്നിട്ടുണ്ടെങ്കിലും സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച്

ഫോറം നം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവായി പുറപ്പെടുവിച്ചതായി കാണുന്നില്ല. 2017-2022 പഞ്ചവത്സരപദ്ധതിയുടെയുംഅതുകൊണ്ട് തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചത് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചല്ല എന്ന് വ്യക്തമാണ്. 2017-18വാർഷികപദ്ധതി വികസനസെമിനാർ 4.5.17ന് ചേർന്നിട്ടുണ്ടെങ്കിലും മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല.

ആരോഗ്യ വിദ്യാഭ്യാസകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള വിദ്യാഭ്യാസവും കലയും സംസ്കാരവും യുവജനകാര്യം, കുടവെള്ളം ശുചിത്വം മുതലായവ, ആരോഗ്യം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ പൂർണ്ണമല്ല.പല ഭാഗങ്ങളും പൂരിപ്പിച്ചിട്ടില്ല. മുൻവർഷങ്ങളിലെ പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിശകലനം ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിന് മാർഗ്ഗനിർദ്ദേശം നൽകാവുന്ന രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ പോലും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 12 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് പദ്ധതിരേഖപ്രകാരം വ്യക്തമാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള വിദ്യാഭ്യാസവും കലയും സംസ്കാരവും യുവജനകാര്യം, കുടവെള്ളം ശുചിത്വം മുതലായവ, ആരോഗ്യം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം നാലോ,അഞ്ചോ തവണ മാത്രമാണ് യോഗം ചേർന്നത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നടപ്പുപദ്ധതിപ്രവർത്തന ങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. യോഗം ചേർന്നതിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല.യോഗങ്ങളിൽ ഒപ്പുമാത്രം രേഖപ്പെടുത്തി പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

ഉദാഹരണം-

1.ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ്

യോഗതീയതി -30.12.17, 3.3.18, എന്നിവ മാത്രമാണ് തീയതി രേഖപ്പെടുത്തിയിരിക്കുന്നത്. ഹാജർ മാത്രം-യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. മറ്റ് യോഗങ്ങളിലും പേരിന് കുറച്ച് പദ്ധതി നിർദ്ദേശങ്ങൾ

മാത്രമാണുള്ളത്. പല അംഗങ്ങളും ഒരു യോഗത്തിൽ പോലും പങ്കെടുത്തിട്ടില്ല.

2.വിദ്യാഭ്യാസവും കലയും സംസ്കാരവും യുവജനകാര്യം

യോഗതീയതി -20.4.17,30.12.17,3.3.18, -ഹാജർ മാത്രം-യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. മറ്റ് യോഗങ്ങളിലും പേരിന് കുറച്ച് പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണുള്ളത്. 17 അംഗങ്ങളാണ് വർക്കിംഗ് ഗ്രൂപ്പിലുള്ളത്. അംഗങ്ങളിൽ ബഹുഭൂരിപക്ഷവും യോഗങ്ങളിൽ പങ്കെടുക്കുന്നില്ല.

3.കുടിവെള്ളം ശുചിത്വം

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ കൺവീനറായും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർമാനായി തീരുമാനിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിരിക്കുന്നത്

യോഗതീയതി - 3.3.18, 5.3.18 ഹാജർ മാത്രം-യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. മറ്റ് യോഗങ്ങളിലും പേരിന് കുറച്ച് പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണുള്ളത്.

പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല.വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വിശദമായ ചർച്ചകളോ കാര്യമായ നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുണ്ടാവുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 560000 | നെല്ലുഷിവികസനം, പാലിന് സബ്സിഡി | 556780 | 3220 |
| ജില്ലാ പഞ്ചായത്ത് | 375000 | നെല്ലുഷിവികസനം, പാലിന് സബ്സിഡി | 374915 | 85 |

വാർഷിക കണക്ക് പ്രകാരം 83,704/- രൂപ സംയുക്ത പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്ത് വിഹിതം നീക്കിയിരിപ്പുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പ്രകാരം 85/- രൂപയാണ് നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്. തുക തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെഎസ്ഇബി | ലൈൻവലിക്കൽ | - | 70,000 | 70,000 | 0 |

കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം,പദ്ധതി പുരോഗതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| --ഇല്ല-- | | | | | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| --ഇല്ല-- | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,82,577 |
| തൻവർഷം നിക്ഷേപിച്ച തുക | 23,036 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,05,613 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| F.D.No-130091807520017 | 3,05,613/- |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| 2015-16 | 3.15,3.18 | 10,608 | 117010101751 /20.02.2018 |
| 2016-17 | 2-1 | 1)23,734<br>2)46,244<br>3)34,465<br>4)2,000<br>5)9,759 | 17010400004 /05.12/2017<br>117010500002 /25.05.2017<br>117010500007/14.11.2017<br>117010100271/18.07.2017<br>4330556 /17.032018 |
| 2016-17 | 2-2.1 | 1)2,500<br>2)2,500<br>3)2500<br>4)3000<br>5)2500 | 117010101761/22.02.2018<br>117010101150/22.11.2017<br>11601100822/03.11.2017<br>11607100040/30.08.2016<br>11701010483 /23.022017 |

മേൽ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.ഇത് വിശദീകരിക്കേണ്ടതാണ്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-2009 | 3.15 | 2010-11 മുതൽ 2011-12 | 4.21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി- ആവശ്യകത പരിശോധിക്കാതെ പൈപ്പുകൾ വാങ്ങിക്കൂട്ടി | വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.07.2013 ലെ 7/2 തീരുമാനപ്രകാരം വിജിലൻസ് അന്വേഷണത്തി നായി 04.05.2014 ന് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മീനങ്ങാടിക്ക് കത്ത് നൽകിയിട്ടുണ്ട്. അറിയിപ്പൊന്നും ലഭിക്കാത്തതിനാൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 11.08.2015 ന് ബി1-141/13 കത്ത് പ്രകാരം വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിച്ചു തരുന്നതിന് അപേക്ഷിച്ചിട്ടുണ്ട് |
| 2015-16 | 2.1 | 2016-17 | അനുബന്ധം 5, പേജ് 212 | തൊഴിൽനികുതി സംബന്ധിച്ച് | നിലവിൽ തൊഴിൽനികുതി 100% പിരിച്ചെടു ത്തിട്ടുണ്ട്. 07.08.2018 ന് ഇതു സംബന്ധിച്ച റിപ്പോർട്ട് പഞ്ചാ.ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക | തുക അടവാക്കിയതിന്റെ വിവരം | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് |
|---|---|---|---|---|
| 2000-01 | 32,33,34 | 62526 | അടവാക്കിയിട്ടില്ല | അജയകുമാർ അസി.എഞ്ചിനിയർ |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,00,28,344/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,20,92,949-/ |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 383970/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നംമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 3-5 | 119452/-രൂപ. | ശ്രീ തങ്കച്ചൻ- അസി.എഞ്ചിനിയർ |
| 3-6 | 70000/-രൂപ | ശ്രീ ബിജേഷ്. എം-സെക്രട്ടറി |
| 3-8 | 194518/-രൂപ | ശ്രീ സുനിൽ -വി .ഇ .ഒ |
| ആകെ | 383970/-രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
--ഇല്ല--

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | LF(W)P3 759/00 2.7.04 |
| 1989-90 | LF(W)P3 759/00 2.7.04 |
| 1990-91 | LF(W)P3 585/98 2.7.04 |
| 1995-96 | LF(W)P1/758/0/dt 11.12.08 /6.2.09 |
| 1996-97 | LF(W)P3/260/98 09.06.99 |
| 1997-98 | LF(W)P3/759/00 13.5.02 |
| 1998-99 | LF(W)P3/260/98 02.07.04 |
| 1999-00 | LF(W)P3/27 /02 2.7.04 |

| | |
|---|---|
| 2000-01 | LF(W)P3/134 /02 10.6.05 |
| 2001-02 PLAN | LF(W)P3/569 /03 3.8.06 |
| 2001-02 | LF(W)P1/93 /07 25.3.10 |
| 2002-03 | LF(W)P1/543 /09 10.8.09 |
| 2003-04 | LF(W)P1/911 /08 20.3.13 |
| 2004-05 | LF(W)P1/777 /09 6.12.09 |
| 2005-06 | LF(W)P1/409 /09 11.6.13 |
| 2006-07 | LF(W)P1/272 /11 13.9.11 |
| 2007-08 | LF(W)P1/822 /10 12.4.2012 |
| 2008-09 | LF(W)P1/823 /10 17.5.13 |
| 2009-10, 2010-11 | LF(W)P1/576 /12 4.9.12 |
| 2011-12 | LF(W)P1/496 /13 27.12.13 |
| 2012-13,2013-14, | LF(W)P1/902 /14 7.1.15 |
| 2014-15 | K.S.A(WYD)P1-278/16-14.06.2016 |
| 2015-16 | K.S.A(WYD)P1-11/17-17/01/2017 |
| 2016-17 | K.S.A(WYD)P1-/419/2017 dtd 7.08.2017 |

ഡെപ്യൂട്ടി ഡയറക്ടർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട് കൽപ്പറ്റ.

## അനുബന്ധം - 3

# ഓഡിറ്റ് ചെയ്ത വരവ്-ചെലവ് പത്രികകൾ
## VENGAPPALLY GRAMA PANCHAYATH

Income & Expenditure Statement

for the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | 1-1 | 2020927.00 |
| 130000000 | Rental income from Panchayat Properties | 1-3 | |
| 140000000 | Fee & User Charges | 1-4(b) | 356239.00 |
| 150000000 | Sale& Hire Chargrs | 1-5(b) | 109736.00 |
| 160000000 | Revnue Grants, Funds, Contributions & Compensations | 1-6 | 67338880.00 |
| 170000000 | Income from the investment | 1-7 | 23036.00 |
| 171000000 | Interest Earned | 1-8 | 270903.00 |
| 180000000 | Other Income | 1-9 | 2710.00 |
| A | Total Income | | 70122431.00 |
| Expenditure | | | |
| 210000000 | Establizhment Expences | 1-10(b) | 6766323.00 |
| 220000000 | Administrative Expences | 1-11(b) | 395972.00 |
| 230000000 | Operations & Maintanance | 1-12(b) | 488548.00 |
| 240000000 | Interest & Finance charges | 1-13 | 679.00 |
| 250000000 | Decentralised Plan Programme – Prodective sector | 1-14 | 6064508.00 |
| 251000000 | Decentralised Plan Programme – Service sector | 1-14(a) | 29379295.00 |
| 252000000 | Decentralised Plan Programme – Infrastructure sector | 1-14(b) | 5012945.00 |
| 253000000 | Decentralised Plan Programme – Projects not included in sector Division | 1-14(c) | 1774052.00 |

| | | | |
|---|---|---|---|
| 254000000 | Expenditure of Tramsffered Institutions and State Sponsered Scheme (not inculed under Decentralised Plan Programme | 1-14(d) | 17284040.00 |
| 255000000 | Maintances Projects | 1-14(e) | 4279823.00 |
| 256000000 | Other revenue Grants and Funds – Revenue Expenses | 1-15(a) | 68476.00 |
| 260000000 | Grants, Contributions and Compensations from Own Fund | 1-15 | |
| 270000000 | Provisions & Write off | 1-16 | |
| 272000000 | Depreciation | 1-17(a) | 8942209.00 |
| B | Total Expenditure | | 80456867.00 |
| C= A-B | Gross Surplus/Deficit of Income over Expenditure | | (10334436.00) |
| D=280000000 | Prior Period Item | 1-18 | 179149.00 |
| E= C-D | Gross Surplus/Deficit of Income over Expenditure after prior period Items | | (10513585.00) |
| 290000000 | Transfer to Reserve Funds | | |
| | Net balance being surplus/deficit carried over to balance sheet (Panchayath Fund) | | |

Deputy Director

Kerala State Audit Department

District Audit Office, Wayanad

VENGAPPALLY GRAMA PANCHAYATH

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(a)<br>RP-40(a) | 11654063.00<br>85198.00 |
| Receipt | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 846120.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0 |
| 140000000 | Fee & User Charges | RP-4 | 201614.00 |
| 150000000 | Sale& Hire Chargrs | RP-5 | 109736.00 |
| 160000000 | 1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)<br>2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ<br>3)കാര്യാലയ പകർപ്പ്<br>Revnue Grants, Funds, Contributions & Compensations | RP-7 | 38439628.00 |
| 171000000 | Interest Earned | RP-9 | 270903.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 37319796.00 |
| 350000000 | Other Liabilities | RP-36 | 834200.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 2710.00 |
| 311000000 | Earnmarked Fund | RP-29 | 901.00 |
| 312000000 | Reserves | RP-30 | 0 |
| 340000000 | Deposits REceivede | RP-34 | 84873.00 |
| 341000000 | Deposit Work | RP-35 | 0 |
| 350000000 | Other Liabilities | RP-36 | 92099.00 |
| 431000000 | Sundry Debtors (Receibles) | RP-43 | 1639481.00 |
| 460000000 | Loans: Advances and Deposits | RP-47 | 546283.00 |
| Grant Total | | | 91767605.00 |

| Payments | | | |
|---|---|---|---|
| Operating | | | |
| 210000000 | Establishment Expences | RP-11 | 2746378.00 |
| 220000000 | Administrative Expences | RP-12 | 395972.00 |
| 230000000 | Operations & Maintanance | RP-13 | 488548.00 |
| 250000000 | Decentralised Plan Programme – Prodective sector | RP-15 | 3324105.00 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 10834698.00 |
| 252000000 | Decentralised Plan Programme – Infrastructure sector | RP-17 | 5012945.00 |
| 253000000 | Decentralised Plan Programme – Projects not included sector | RP-18 | 1774052.00 |
| 254000000 | Expenditure of Transfered Institutions and State Sponsered Scheme | RP-19 | 109040.00 |
| 255000000 | Maintances Projects | RP-20 | 4279823.00 |
| 256000000 | Other revenue Grants and Funds – Revenue Expenses | RP-21 | 68476.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0 |
| 280000000 | Prior Period Item | RP-26 | 242340.00 |
| 320000000 | Grands, Funds & Contribution for Specific Purpose | RP-31 | 448364.00 |
| 350000000 | Other Liabilities | RP-36 | 4074594.00 |

| Non Operating | | | |
|---|---|---|---|
| 240000000 | *I*nterest & Finance charges | RP-14 | 679.00 |
| 270000000 | Provisions & Write off | RP-23 | 0 |
| 330000000 | Secured Loans | RP-32 | 0 |
| 340000000 | Deposits received | RP-34 | 100425.00 |
| 350000000 | Other Liabilities | RP-36 | 1203831.00 |
| 410000000 | Fixed Assets | RP-38 | 15290641.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | RP-40 | 179832.00 |
| 431000000 | Sundrydebtors (Recevables) | RP-43 | 909108.00 |
| 460000000 | Loans, Advances and Deposits | RP-47 | 609078.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 39665921.00<br>18735.00 |
| Grand total | | | 91767605.00 |

Deputy Director

Kerala State Audit Department

District Audit Office, Wayanad

VEDNGAPPALLY GRAMA PANCHAYATH

BALANCE SHEET As on 31 March 2018

| Code No. | Description of Items | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Municipal (General) Fund [Code No. 3101] | B-1 | (9899443.72) |
| 311000000 | Earmarked Funds | B-2 | 11912.00 |
| 312000000 | Reserves | B-3 | 42670235.00 |
| | Total Reserve & Surplus | | 32782703.28 |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 37685098.00 |
| | Grants, Funds & Contributions for Specific Purposes | | 37685098 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 620277.00 |
| 341000000 | Deposit Work | B-8 | 0 |
| 350000000 | Other Liabilities | B-9 | 130864.00 |
| | Turrent liabilitieotal cs & | | 1928931.72 |

| | | | |
|---|---|---|---|
| | provisions | | |
| | TOTAL LIABILITIES | | 72396233.00 |
| | ASSETS | | |
| | Current Liabilities & Provisions | | |
| 432000000 | Accumilated Provisions Against Debtors (Receivable) | B-15(a) | 0 |
| | Current Liabilities & Provisions | | 0 |
| | FIXES ASSETS | | |
| 431000000 | Fixed Assets | B-11 | 44592564.00 |
| 411000000 | Accumulated Depreciation | B-11 | (14071692.00) |
| 412000000 | Capital Wirk in progress | B-11(a) | 901532.00 |
| | Total Fixeds assets | | 31422404.00 |
| | Investment | | |
| 42000000 | Investment | B-12 | 305613 |
| | Total investment | | 305613 |
| Current Assets. Loans and Advances | | | |
| 430000000 | Stock-in-hand | B-14 | |
| 431000000 | Sundry Debtore (Receivable) | B-15 | 909128.00 |
| 440000000 | Pre-paid Expences | B-16 | 0 |
| 450000000 | Cash and bank balance | B-17 | 39674656 |
| 460000000 | Loans, Advance and Deposits | B-18 | 84938.00 |
| | Total Current Assets, Loans and Advances | | 40668716.00 |
| | TOTAL ASSETS | | 72396733 |

Deputy Director

Kerala State Audit Department

District Audit Office, Wayanad